# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.464

## 29-10-2019 ൽ മറുപടിക്ക്

## കിഫ്ബിയ്ക്കെതിരെയുള്ള ദുഷ് പ്രചരണം

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യൂ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. ആർ. രാജേഷ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) വികസന കാഴ്ചപ്പാടോടെ പ്രാവർത്തികമാക്കിയ കിഫ്ബിയെക്കുറിച്ച് അവമതിപ്പുണ്ടാക്കാനായി കരുതിക്കൂട്ടിയുള്ള ദുഷ് പ്രചരണം, കിഫ്ബിയ്ക്ക് നിലവിലുള്ള ഏറ്റവും മികച്ച ആഗോള റേറ്റിംഗിനെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി ദുഷ് പ്രചരണങ്ങൾ തുറന്നു കാട്ടാൻ നടപടിയെടുത്തിട്ടുണ്ടോ; | കിഫ്ബിയെയോ അതിന്റെ പ്രവർത്തങ്ങളെയോ സംബന്ധിക്കുന്ന ആക്ഷേപങ്ങൾ ഉയർന്ന വേളയിലെല്ലാം തന്നെ വസ്തുതകൾ നിരത്തിയുള്ള മറുപടികൾ നൽകുവാനും അവ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമൂഹമാധ്യമങ്ങളും മറ്റ് ഉപാധികളും ഉപയോഗിച്ച് നടത്തിയ ഈ പ്രവർത്തനങ്ങൾ ആക്ഷേപങ്ങൾ സംബന്ധിച്ച യാഥാർത്ഥ്യം പൊതുസമൂഹത്തിനു മുന്നിൽ പെട്ടെന്നുതന്നെ ഫലപ്രദമായി എത്തിക്കുന്നതിനു സഹായകമായി.<br>കിഫ്ബി മുന്നോട്ടുവെച്ച നൂതനമായ സാമ്പത്തിക ആശയം ഇതിനോടകം തന്നെ ദേശീയ അന്തർദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെട്ടതും നിക്ഷേപക സമൂഹം അംഗീകരിച്ചതുമാണ്. ചുരുങ്ങിയ കാലയളവിൽ തന്നെ പ്രശംസനീയമായ നേട്ടങ്ങൾ കിഫ്ബി കൈവരിച്ചിട്ടുണ്ട്. കിഫ്ബിയുടെ സംവിധാനങ്ങളുടെ മികവും ഉയർന്ന പ്രവർത്തന നിലവാരവും കണക്കിലെടുത്താണ് അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിങ് ഏജൻസികൾ **'BB - സ്റ്റേബിൾ ഔട്ട് ലുക്ക്'** എന്ന റേറ്റിങ് കിഫ്ബിയ്ക്ക് നൽകിയത്. ഒരുവർഷം കഴിഞ്ഞു നടത്തിയ വാർഷിക പുനരവലോകനത്തിനു ശേഷവും ഈ ഏജൻസികൾ അതേ റേറ്റിങ് നിലനിർത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും അതിനു പുറമേ നിധിയുടെ എല്ലാ നിക്ഷേപങ്ങളും നിയമത്തിന്റെ ഉദ്ദേശ്യത്തിനനുസൃതമാണെന്നും അതു വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്നും ഉറപ്പു വരുത്തുന്നതിനായി സ്വതന്ത്രാധികാരത്തോടെ രൂപീകരിച്ച ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ പ്രവർത്തനവും വഴി അന്താരാഷ്ട്രതലത്തിൽ അംഗീകൃതമായ തരത്തിൽ കിഫ്ബിയ്ക്ക് സുതാര്യത ഉറപ്പു വരുത്താനായിട്ടുണ്ടോ;വ്യക്തമാക്കുമോ; | കിഫ്ബി അതിന്റെ എല്ലാ പ്രവർത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്. പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവ്വഹണത്തിനായുള്ള ഫണ്ട് വിതരണം വരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കും കരാറുകാർക്കും പരിശോധിക്കാവുന്ന തലത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. നിലവിലുള്ള ഓഡിറ്റിംഗ് സംവിധാനങ്ങൾക്ക് പുറമെ കിഫ്ബി ആക്ട് വിഭാവനം ചെയ്തിട്ടുള്ള ഒരു നിരീക്ഷണ സംവിധാനമാണ് FTAC ദേശീയ / അന്തർ ദേശീയ തലത്തിൽ പ്രശസ്തരായ ധനകാര്യ വിദഗ്ധരാണ് ഇതിലെ അംഗങ്ങൾ. ഈ കമ്മീഷൻ ആറുമാസത്തിലൊരിക്കൽ കിഫ്ബിയിൽ ഫണ്ടിന്റെ വിനിയോഗം ആക്ടിന്റെ വ്യവസ്ഥകൾക്കനുസരിച്ചാണെന്നും, അടുത്ത ആറുമാസത്തേക്കുള്ള ചിലവുകൾ വഹിക്കുവാൻ ആവശ്യമായ ഫണ്ട് കിഫ്ബിയുടെ കൈവശമുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നു. നിക്ഷേപകർക്കിടയിൽ കിഫ്ബിയുടെ ഇയൊരു മാതൃകയ്ക്ക് പ്രശംസയും സ്വീകാര്യതയും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) ലക്ഷ്യമിട്ട സമയത്തിനുള്ളിൽ അൻപതിനായിരം കോടി രൂപയുടെ വികസനം സാധ്യമാക്കാൻ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്താൻ ശ്രദ്ധ പതിപ്പിക്കുമോ; വ്യക്തമാക്കുമോ? | എല്ലാ നിയോജക മണ്ഡലങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നാളിതുവരെ 45,619.10 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് സുതാര്യതയും ഗുണ നിലവാരവും ഉറപ്പുവരുത്തുന്നതിനായി കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം എന്നീ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നടത്തുക വഴി കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായും, സമയബന്ധിതമായും അവ നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടു കൂടി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം വളരെ അധികം കണിശമായ രീതിയിൽ |

പദ്ധതികളുടെ പരിശോധന നടത്തി വരുകയും ചെയ്യുന്നു.

ഇതിനു പുറമെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ ഏജൻസികളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ നൽകുന്നതിന് ടെക്നിക്കൽ റിസോഴ്സ് സെന്റർ എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നതിനായി കിഫ് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**ജോയിന്റ് സെക്രട്ടറി**